സൗരോർജ്ജ നയം

2 (348) ശ്രീ. വർക്കല കഹാർ :

ശ്രീ. വി. ഡി. സതീശൻ :

ശ്രീ. ലൂഡി ലൂയിസ് :

ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സൗരോർജ്ജ നയത്തിന് രൂപം നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത നയത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശം ലഭ്യമാക്കുമോ ;

(സി) സൗരോർജ്ജത്തിൽ നിന്ന് എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത നയം നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത സൗരോർജ്ജ നയത്തിന്റെ പ്രധാന ഉദ്ദേശലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു :

(1) സംസ്ഥാനത്തിലെ സോളാർ ഊർജ്ജത്തിന്റെ സ്ഥാപിതശേഷി 2017-ൽ 500 മെഗാവാട്ടും 2030- ൽ 2500 മെഗാവാട്ടും ആയി വർദ്ധിപ്പിക്കുക.

(2) ലഭ്യമായ സൗരോർജ്ജം പരമാവധി ഉപയോഗിക്കുക

(3) കാർബൺ എമിഷൻ കുറച്ചുകൊണ്ട് പരമാവധി ഊർജ്ജ സുരക്ഷ ഉറപ്പ് വരുത്തുക.

(4) സോളാർ ഊർജ്ജവുമായി ബന്ധപ്പെട്ട മേഖലകളിൽ നേരിട്ടും അല്ലാതെയും ഉള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

(5) ഈ മേഖലകളിൽ പുതിയ കണ്ടുപിടിത്തവുമായി ബന്ധപ്പെട്ട സംരംഭകരെ പ്രോൽസാഹിപ്പിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്ത് സൗരോർജ്ജത്തിൽ നിന്നും 2017-ഓടെ 500 MW-ഉം 2030 നകം 2500 MW-ഉം വൈദ്യുതി ഉല്പാദിപ്പിക്കാനാണ് സർക്കാർ പ്രഖ്യാപിച്ച സൗരോർജ്ജ നയം വഴി ലക്ഷ്യമിടുന്നത്.

(ഡി) പ്രസ്തുത നയം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. സൗരോർജ്ജ നയത്തിൽ രൂപീകരിച്ച സംസ്ഥാനതല എംപവേർഡ് കമ്മിറ്റിയുടെ ആദ്യയോഗം 2014 ഫെബ്രുവരി മാസം 3-ാം തീയതി അഡീഷണൽ ചീഫ് സെക്രട്ടറി (ഊർജ്ജം) യുടെ അദ്ധ്യക്ഷതയിൽ ചേരുകയും സ്വീകരിക്കേണ്ട അനന്തര നടപടികളെ സംബന്ധിച്ച് ആദ്യഘട്ട ചർച്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്. നയം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, സോളാർ പോളിസിയിൽ ലക്ഷ്യമിട്ട സ്ഥാപിതശേഷി കൈവരിയ്ക്കുന്നതിന്, കെ.എസി.ഇ.ബി. ലിമിറ്റഡ് നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

(1) കെ.എസ്.ഇ.ബി. കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ അനുയോജ്യമായ വയിൽ മൊത്തം 1.35 മെഗാവാട്ട് ശേഷിയുള്ള ഗ്രിഡ് കണക്ടഡ് സോളാർ പ്ലാൻറ് സ്ഥാപിക്കൽ.

(2) കഞ്ചിക്കോട് കെ.എസ്.ഇ.ബി.യുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് 1 മെഗാവാട്ട് ഗ്രിഡ് കണക്ടഡ് സോളാർ പ്ലാന്റ് സ്ഥാപിക്കൽ.

(3) പാലക്കാട് ജില്ലയിലെ അഗളി, ചാലയൂർ ടൈബൽ കോളനിയിലെ വീടുകളുടെ മേൽക്കൂരകളിൽ മൊത്തം 96 കിലോവാട്ട് ശേഷിയുള്ള ഗ്രിഡ് കണക്ടഡ് സോളാർ പ്ലാന്റ് സ്ഥാപിക്കൽ.

(4) പൊരിങ്ങൾ പവർഹൗസ് കെട്ടിടത്തിന്റെ മേൽക്കൂരകളിൽ 50 KWP ശേഷിയുള്ള ഗ്രിഡ് കണക്ടഡ് സോളാർ പ്ലാന്റ് സ്ഥാപിക്കൽ.

(5) കമ്പമല, മാനന്തവാടി റ്റീ എസ്റ്റേറ്റിൽ 40 KWP ശേഷിയുള്ള പോൾ മൗണ്ട്സ് ഗ്രിഡ് കണക്ടഡ് സോളാർ പ്ലാൻറ് സ്ഥാപിക്കൽ.

(6) തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗ് കെട്ടിടത്തിന്റെ മുകളിൽ 134.5 കിലോവാട്ട് ശേഷിയുള്ള സോളാർ പ്ലാന്റ് (Stage-1)

(7) RGGVY-DDG പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിലെ 15 വില്ലേജുകളിലായി മൊത്തം 0.1315 മെഗാവാട്ട് ശേഷിയുള്ള ഓഫ് ഗ്രിഡ് സോളാർ പ്ലാൻറുകൾ സ്ഥാപിക്കൽ.

(8) വയനാട് ജില്ലയിലെ പടിഞ്ഞാറെത്തറ ഡാമിൽ 400 KWP സോളാർ പ്ലാന്റ് സ്ഥാപിക്കൽ.

LIBRARY ARCHIVES Kerala Legislative Assembly

(9) നാഷണൽ ഹൈഡ്രോ പവർ കോർപ്പറേഷൻ, കെ.എസ്.ഇ.ബി. ലിമിറ്റഡ്, പടിഞ്ഞാറേ കല്ലട ഗ്രാമപഞ്ചായത്ത് എന്നിവയുമായി സഹകരിച്ചും കൊല്ലം ജില്ലയിൽ പടിഞ്ഞാറേ കല്ലടയിൽ 300 ഏക്കറിൽ 50 മെഗാവാട്ടിന്റെ സോളാർ പവർ പ്ലാന്റ് സ്ഥാപിക്കൽ.

സൗരവൈദ്യുതിയ്ക്ക് ഗ്രിഡ് കണക്ഷൻ നൽകുന്നതിന് സംസ്ഥാന വൈദ്യുത റെഗുലേറ്ററി കമ്മീഷൻ 10-6-2014-ൽ "Grid Interactive Distributed Solar Energy System" എന്ന പേരിൽ ഒരു മാർഗ്ഗരേഖ ഇറക്കിയിട്ടുണ്ട്. ഈ മാർഗ്ഗരേഖ എല്ലാത്തരം വൈദ്യുത ഉപഭോക്താക്കളേയും സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കാൻ പ്രേരിപ്പിക്കുന്നു.

തലക്കുളത്തൂർ പഞ്ചായത്തിലെ കെ.എസ്.ഇ.ബി.സ്ഥലത്തെ പ്രവൃത്തി

3 (349) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂർ പഞ്ചായത്തിലെ കെ.എസ്.ഇ.ബി.-യുടെ അധീനതയിലുള്ള സ്ഥലത്ത് ബോർഡിന്റെ ഏത് പ്രവൃത്തിക്കാണ് അംഗീകാരം നൽകിയതെന്ന് വെളിപ്പെടുത്താമോ ;

(ബി) നിർദ്ദിഷ്ട സ്ഥലത്ത് ഈ സാമ്പത്തിക വർഷം ഏതെങ്കിലും പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുമോ എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ&ബി) പ്രസ്തുത ഭൂമിയിൽ പുതിയ ടി.എം.ആർ. ഡിവിഷൻ സ്ഥാപിക്കുന്ന കാര്യം ബോർഡ് പരിശോധിച്ച് വരുന്നു.

കെ.എസ്.ഇ.ബി. വൈദ്യുതി ചാർജ്ജ് കുടിശ്ശിക

4 (350) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-ക്ക് നിലവിൽ പിരിഞ്ഞുകിട്ടാനുള്ള വൈദ്യുതി ചാർജ്ജ് കുടിശ്ശിക എത്രയാണ് ;

LIBRARY ARCHIVES Kerala Legislative Assembly